വർഷം	സാമ്പത്തിക വളർച്ചാ നിരക്ക് (ശതമാനം)
1997-98	4.95
1998-99	5.60
1999-2000	5.60

34(38) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ അഴിമതികളെക്കുറിച്ചുള്ള പരാതികൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ അഴിമതികളെക്കുറിച്ച് സംസ്ഥാന വിജിലൻസ് വകുപ്പിന് ഇതേവരെ എത്ര പരാതികൾ കിട്ടിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ എത്ര പരാതികളിൻമേൽ അന്വേഷണം നടത്തി;

(സി) എത്രയെണ്ണത്തിൽ പ്രാഥമിക അന്വേഷണത്തിനുശേഷം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഒരന്വേഷണവും നടത്താതെ എത്ര പരാതികൾ ശേഷിക്കുന്നുണ്ട്;

(ഇ) സാമ്പത്തിക ക്രമക്കേടുകൾ ആരോപിച്ചിട്ടുള്ള പരാതികൾ എല്ലാം അന്വേഷിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ അഴിമതികളുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ 1026 പരാതികൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	264
കൊല്ലം	-	78
പത്തനംതിട്ട	-	38
ആലപ്പുഴ	-	70
ഇടുക്കി	-	58
കോട്ടയം	-	31
എറണാകുളം	-	239
തൃശ്ശൂർ	-	19
പാലക്കാട്	-	16
കോഴിക്കോട്	-	181
മലപ്പുറം	-	21
കണ്ണൂർ	-	8
കാസർഗോഡ്	-	3

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ 54 പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. മറ്റ് പരാതികൾ അനന്തരനടപടികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും വകുപ്പു മേധാവികൾക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(സി) 5 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ലഭിച്ച പരാതികളിൽ വിജിലൻസ് അന്വേഷണം ആവശ്യമാണെന്നുകണ്ട പരാതികളിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റു പരാതികൾ അനന്തരനടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്കും വകുപ്പു മേധാവികൾക്കും അയച്ചുകൊടുത്തിട്ടുണ്ട്.

(ഇ) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 50,000-ലധികം രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുള്ള കേസുകളിലാണ് വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകാറുള്ളത്. എന്നാൽ കേസിന്റെ സ്വഭാവം പരിശോധിച്ച് 50,000/- രൂപയിൽ താഴെയുള്ള സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച കേസുകളിലും വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകാറുണ്ട്. ഇത്തരം എല്ലാ കേസ്സുകളിലും വിജിലൻസ് അന്വേഷണം നടത്തുക പ്രായോഗികമല്ല.

39-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

35(40) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1987-88-ൽ സംസ്ഥാനത്ത് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു;

(ബി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സമയത്ത് എത്ര ശതമാനം പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു;

(സി) ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചശേഷം ഓരോ വർഷത്തിന്റേയും അവസാനം ദാരിദ്ര്യരേഖയുടെ താഴെ എത്ര ശതമാനം പേർവീതം ഉണ്ടായിരുന്നു?

ഉത്തരം

(എ) 1987-88-ൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ കണക്ക് എടുത്തിട്ടില്ല. എന്നാൽ 1985-ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്ത് പ്രദേശത്തിൽ 80,36,276 പേർ ദാരിദ്ര്യരേഖയ്ക്കും താഴെയാണ്. തുടർന്നുള്ള സർവ്വേ 1992-ൽ ആണ് നടത്തിയിട്ടുള്ളത്.

(ബി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന സമയത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെ എത്ര ശതമാനം ഉണ്ടെന്നുള്ള വിവരം പ്രത്യേകമായി എടുത്തിട്ടില്ല. 1992-ലെ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ 1,98,638 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും 33,664 പട്ടിക വർഗ്ഗകുടുംബങ്ങളും 15,56,672 ഇതര വിഭാഗങ്ങ

LIBRARY ARCHIVES Kerala Legislative Assembly